**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2290** **03-03-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഇന്റഗ്രേഷൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഇന്റഗ്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേരളത്തിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുക എന്ന ലക്ഷ്യത്തോടെ 17.07.2020 ലെ സ.ഉ. (കൈ) നം. 106/2020/ തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് രൂപീകൃതമായിട്ടുണ്ട്. |
| (ബി) | വകുപ്പ് ഇന്റഗ്രേഷന്റെ ലക്ഷ്യത്തിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തിയാകാനുള്ളതെന്ന് വിശദമാക്കുമോ; | (ബി) | കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് ത്രിതല ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾക്കിടയിലും തമ്മിലും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും തമ്മിലും യോജിച്ച പ്രവർത്തനത്തിനായി വിവിധ തട്ടുകളിലായി നടക്കുന്ന പ്രാദേശിക ആസൂത്രണ വികസന പ്രവർത്തനങ്ങളുടെ ഏകോപനത്തിനും മികച്ച പ്രാദേശിക ഭരണത്തിനും പദ്ധതി നിർവഹണത്തിനും തദ്ദേശ സ്ഥാപനങ്ങൾക്ക് മാത്രമായി ഒരു ഏകീകൃത സംവിധാനം അനിവാര്യമായതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവായ സേവനപ്രദാനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 17.07.2020 ലെ സ.ഉ.(കൈ)നം. 106/2020/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് രൂപീകൃതമായിട്ടുണ്ട്.<br>നിലവിലുണ്ടായിരുന്ന വകുപ്പുകൾ ചേർന്ന് ഏകീകൃത വകുപ്പ് രൂപീകൃതമായപ്പോൾ ഉണ്ടായ ഭരണപരവും സാങ്കേതികവും ജീവനക്കാരുടെ സർവീസ് സംബന്ധവുമായ പരാതികൾ പരിഹരിക്കുന്നതിനായി രൂപീകരിച്ച പരാതി പരിഹാര സെല്ലിൽ കൈക്കൊണ്ട തീരുമാനങ്ങളിന്മേൽ നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | എല്ലാ ജീവനക്കാർക്കും സ്പാർക്ക് സംവിധാനം ഏർപ്പെടുത്താനായിട്ടുണ്ടോ; നിലവിൽ സ്പാർക്കിൽ ഇല്ലാത്തവരെയും കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ നടപടിക്രമങ്ങൾ എപ്പോൾ പൂർത്തിയാകുമെന്ന് അറിയിക്കുമോ; പ്രയാസങ്ങൾ ഉണ്ടെങ്കിൽ എന്തൊക്കയാണെന്ന് വിശദമാക്കുമോ? | (സി) | തദ്ദേശസ്വയംഭരണ വകുപ്പിലെ എല്ലാ ജീവനക്കാർക്കും സ്പാർക്ക് സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ